File No.EXC/339/2020-XA4

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 13/03/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC6/2020/EXCISE**

വിഷയം: അബ്കാരി കേസുകളിൽ കണ്ടുകെട്ടുന്ന വാഹനങ്ങൾ വിട്ടുനൽകുമ്പോൾ പാലിക്കേണ്ട നടപടികളെ -സംബന്ധിച്ച്

സൂചന: 29.01.2020 തീയ്യതിയിലെ EXC/339/2020-XA4 ഫയൽ ഉത്തരവ്

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .അബ്കാരി കേസുകളിൽ വാഹനങ്ങൾ കണ്ടുകെട്ടൽ നടപടികൾക്ക് ശേഷം 1996 ലേ കേരള അബ്കാരി ഡിസ്പോസൽ ഓഫ് കോൺഫിസ്ക്കേറ്റഡ് ആർട്ടിക്കിൾസ് റൂൾ 4 (1) (a)$ (b) പ്രകാരം വാഹനം ഉടമയ്ക്ക് സ്ഥിരമായി വിട്ടു നൽകുന്ന അവസരത്തിൽ ടി വാഹനമോ വാഹന ഉടമയോ മുൻപ് അബ്കാരി / എൻ .ഡി .പി .എസ് കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും വാഹനം ഉടമയ്ക്ക് വിട്ടുനല്കുന്ന പക്ഷം തുടർന്നും ടിയാൻ ഇത്തരം നിയമലംഘന പ്രവൃത്തികളിൽ എർപ്പെടാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ടി വാഹനം, വാഹന ഉടമ ഭാവിയിൽ നിയമലംഘന പ്രവൃത്തികൾക്ക് ഉപയോഗിക്കില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ് .

ഈ വിഷയത്തിൽ ചുവടെ പറയുന്ന നടപടിക്രമങ്ങളും പാലിക്കേണ്ടതാണ് .

1.പോലീസ് കണ്ടെടുക്കുന്ന കേസുകളിലെ വാഹനങ്ങൾ വിട്ടുനൽകുന്നതിന് മുമ്പായി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ SHO യിൽ നിന്നും ,വാഹനം വിട്ടു നൽകുന്നതിന് മറ്റ് തടസങ്ങൾ ഇല്ലായെന്ന് കാണിക്കുന്ന No objection സർട്ടിഫിക്കറ്റ് വാഹന ഉടമ ഹാജരാക്കേണ്ടതാണ് .

2. എക്സൈസ് കണ്ടെടുക്കുന്ന കേസുകളിൽ വാഹന ഉടമയ്ക്കെതിരെ ജില്ലയിലെ പോലീസ് സ്റ്റേ ഷനുകളിൽ കേസുകൾ ഇല്ലായെന്ന വിവരം ജില്ലാ പോലീസുമായി ബന്ധപ്പെട്ട് ,ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഉറപ്പ് വരുത്തി ടി വിവരം റിപ്പോർട്ടിൽ ഉൾപെടുത്തേണ്ടതാണെന്നും അറിയിക്കുന്നു .

S. AANANTHAKRISHNAN IPS
Signature valid
Digitally signed by AANANTHAKRISHNAN S
Date: 2020.03.13 11:45:13 IST
Reason: Approved

**എക്സൈസ് കമ്മീഷണർ**

പകർപ്പ് :
1.അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോ /അഡ്മിൻ ).
2.ജോയിന്റ് എക്സൈസ് കമ്മീഷണർ (മേഖല എല്ലാം ).
3.ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം )
4.എക്സൈസ് കമ്മീഷണറുടെ സി .എ